**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2015 – നടത്തിപ്പ് ചെലവിനും എക്സിബിഷനിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ചെലവനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

==============================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. **297/2015/**തസ്വഭവ തിരുവനന്തപുരം, തീയതി, **30.01.2015**

==============================================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 16.01.2015-ലെ ജി2-44000/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2015 ഫെബ്രുവരി 19-ന് പാലക്കാട് വച്ച് നടത്തുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പ് ചെലവിലെക്കായി പ്രസ്തുത ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപാ വീതവും മറ്റ് 13 ജില്ലകളിൽ നിന്നും 7,500/- രൂപാവീതവും അവയുടെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതിയും ഈ ആഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ ഗ്രാമപഞ്ചായത്തുകൾക്ക് വികസന മാതൃകകൾ അവതരിപ്പിക്കുന്നതിലേക്കായി തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ 30,000/- രൂപ വരെ ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയും നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു 2015 ഫെബ്രുവരി 19-ന് പാലക്കാട് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 10,000/- രൂപ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും നിന്നും 7,500/- രൂപാവീതവും ജനറൽ കൺവീനറായ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് 30,000/- രൂപ വരെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.റംലത്ത്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ